LIBRARY ARCHIVES Kerala Legislative Assembly

മഞ്ഞപ്ര-അയ്യമ്പുഴ റോഡിന്റെയും കോതായിതോട് പാലത്തിന്റെയും നിർമ്മാണത്തിനായി ഭരണാനുമതി

293(3218) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ഞപ്ര-അയ്യമ്പുഴ റോഡിന്റെയും കോതായിതോട് പാലത്തിന്റെയും നിർമ്മാണത്തിനായി ഭരണാനുമതി നൽകിയത് എന്നാണ് ; എത്ര തുകയ്ക്കാണ് ഭരണാനുമതി നൽകിയത് ;

(ബി) പ്രസ്തുത ഭരണാനുമതി പ്രകാരം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഇതിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിനു വേണ്ടിയുള്ള പ്രൊപ്പോസൽ എന്നാണ് സമർപ്പിച്ചത് ; പ്രസ്തുത എസ്റ്റിമേറ്റിൽ സ്ഥലമെടുപ്പിനായുള്ള തുക പ്രതിപാദിച്ചിട്ടുണ്ടോ ;

(ഡി) റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ ഭരണാനുമതി ഉത്തരവിൽ സ്ഥലമെടുപ്പിനായി തുക ഉൾക്കൊള്ളിച്ചിട്ടുള്ള കാര്യം വ്യക്തമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ;

(ഇ) എന്തെല്ലാം നടപടിക്രമങ്ങളാണ് പാലത്തിന്റെ പണി ആരംഭിക്കുന്നതിനായി പൂർത്തീകരിക്കുവാനുള്ളത് ;

(എഫ്) ഈ പാലത്തിന്റെ ശോച്യാവസ്ഥ കണക്കിലെടുത്ത് വർഷങ്ങൾക്കു മുമ്പ് ആരംഭിച്ച പ്രസ്തുത നടപടി ക്രമങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(ജി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 14-7-2009-ൽ 168 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി.

(ബി) പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാകാതിരുന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞില്ല.

(സി) റിവൈസ്ഡ് എസ്റ്റിമേറ്റിനുള്ള പ്രൊപ്പോസൽ 4-9-2013-ൽ സർക്കാരിൽ ലഭിക്കുകയുണ്ടായി. ഭൂമി ഏറ്റെടുക്കുന്നതിനായി 10 ലക്ഷം രൂപ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) 27-12-2013-ലെ സ.ഉ (സാധാ) നമ്പർ 1689/13/പൊ.മ.വ. പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക ഉൾപ്പെടെ 375 ലക്ഷം രൂപയുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ-ജി) പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. മൂന്ന് മാസത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ചടയമംഗലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

294(3219) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചടയമംഗലം മണ്ഡലത്തിൽ 2011 ജൂൺ മുതൽ 2014 നവംബർ വരെ നടത്തിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികൾ അവയുടെ തുക സഹിതം ലഭ്യമാക്കാമോ ?

ഉത്തരം

ചടയമംഗലം മണ്ഡലത്തിൽ 2011 ജൂൺ മുതൽ 2014 നവംബർ വരെ നടത്തിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

പുനലൂർ മൂവാറ്റുപുഴ സംസ്ഥാനപാത

295(3220) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ മൂവാറ്റുപുഴ സംസ്ഥാനപാത കെ.എസ്.റ്റി.പി. ഏറ്റെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ഏറ്റെടുക്കൽ നടന്നത് ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ; ഇപ്പോൾ റോഡിന്റെ ഉത്തരവാദിത്വം പൊതുമരാമത്ത് വകുപ്പിന് തന്നെയാണോ ; എങ്കിൽ എത്രകൊണ്ട് കഴിഞ്ഞ കുറേ വർഷങ്ങളായി റീടാറിംഗ് ഒഴിവാക്കി കുഴിയടയ്ക്കൽ മാത്രം നടത്തുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) കെ.എസ്.ടി.പി. പ്രസ്തുത റോഡ് ഏറ്റെടുത്ത് പണി ആരംഭിച്ചെങ്കിൽ എവിടെയൊക്കെ പണി നടന്നെന്നും അവ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ ; പ്രസ്തുത പണികൾക്ക് എത്ര തുക വീതമാണ് ചെലവഴിച്ചത് ;

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly